# കേരള സർവകലാശാല

നം.പി.ആർ.91/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### അസൈൻമെന്റ് സമർപ്പിക്കാം

വിദൂരവിദ്യാഭ്യാസ വിഭാഗം അഞ്ചും, ആറും സെമസ്റ്റർ യു.ജി (2017 അഡ്മിഷൻ), ഒന്നും രണ്ടും സെമസ്റ്റർ ബി.എൽ.ഐ.എസ്.സി (2019 അഡ്മിഷൻ) അസൈൻമെന്റുകൾ ജൂൺ 1 ന് കാര്യവട്ടത്തെ എസ്.ഡി.ഇ ഓഫീസിലോ കൊല്ലം ബി.എഡ് സെന്ററിലോ സമർപ്പിക്കാവുന്നതാണ്. നേരിട്ട് സമർപ്പിക്കാൻ സാധിക്കാത്തവർക്ക് രജിസ്റ്റേർഡ്/സ്പീഡ് പോസ്റ്റ് മുഖേനയും സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

### പി.ജി എൻട്രൻസ് – പരീക്ഷാകേന്ദ്രം മാറ്റാം

സർവകലാശാലയുടെ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം നടത്തുന്ന പി.ജി എൻട്രൻസ് പരീക്ഷയുടെ ചെന്നൈ പരീക്ഷാകേന്ദ്രം കോവിഡ് 19 കാരണം റദ്ദാക്കി. പരീക്ഷാകേന്ദ്രം മാറ്റുന്നതിന് 2020 ജൂൺ 2 വരെ വിദ്യാർത്ഥികൾക്ക് ഓപ്ഷൻ കൊടുക്കാം. www.admissions.keralauniversity.ac.in സന്ദർശിച്ച് ലോഗിൻ ചെയ്ത് പരീക്ഷാകേന്ദ്രം മാറ്റാവുന്നതാണ്.

### പരീക്ഷാകേന്ദ്രങ്ങൾ

ജൂൺ 2 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്/സി.ആർ പരീക്ഷകൾക്ക് കേരള സർവകലാശാല പരിധിക്കു പുറത്തു വരുന്ന ജില്ലകൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള കോളേജിലാണ് പരീക്ഷ എഴുതേണ്ടത്.

കാസർഗോഡ് ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ച വിദ്യാർത്ഥികൾ ഗവൺമെന്റ് കോളേജ്, കാസർകോഡും കണ്ണൂർ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് വനിതാ കോളേജ് കണ്ണൂരും, വയനാട് ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് കോളജ്, കൽപ്പറ്റയിലും, കോഴിക്കോട് ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് ആർട്സ് കോളേജ് കോഴിക്കോടും, മലപ്പുറം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് കോളേജ് മലപ്പുറത്തും, പാലക്കാട് ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് വിക്ടോറിയ കോളേജ് പാലക്കാടും, തൃശ്ശൂർ ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് ട്രെയിനിംഗ് കോളേജ് തൃശ്ശൂരും, എറണാകുളം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ മഹാരാജാസ് കോളേജ് എറണാകുളത്തും, ഇടുക്കി ജില്ല പരീക്ഷാകേന്ദ്രമായി അപേ

ക്ഷിച്ചവർ ഗവൺമെന്റ് കോളേജ് കട്ടപ്പനയിലും, കോട്ടയം ജില്ല പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ ഗവൺമെന്റ് കോളേജ് നാട്ടകത്തും പരീക്ഷ എഴുതേണ്ടതാണ്. ബുദ്ധ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, മുതുകുളം, ആലപ്പുഴ ഉപകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ അവിടെ പരീക്ഷ എഴുതേണ്ടതാണ്. ലക്ഷദ്വീപ് നിവാസികളായ വിദ്യാർത്ഥികൾക്കായി ഗവ. ഗേൾസ് സീനിയർ സെക്കന്ററി സ്കൂൾ, കവരത്തിയിൽ പരീക്ഷാകേന്ദ്രം അനുവദിച്ചിട്ടുണ്ട്. മറ്റു ജില്ലകൾ ആവശ്യപ്പെട്ട ലക്ഷദ്വീപിലെ വിദ്യാർത്ഥികളും കവരത്തി കേന്ദ്രത്തിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

## ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സ്

സി.ബി.സി.എസ് ബി.എ/ബി.എസ്.സി/ബി.കോം, കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് 2013 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സിനു വേണ്ടി നൽകുന്ന അപേക്ഷകൾക്കൊപ്പം ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സിന്റെ പകർപ്പ് തയ്യാറാക്കി സമർപ്പിക്കേണ്ടതില്ല. ജൂൺ 1 മുതൽ സർവകലാശാല തയ്യാറാക്കുന്ന ട്രാൻസ്ക്രിപ്റ്റ് ഓഫ് മാർക്ക്സ് ആണ് അപേക്ഷകർക്ക് നൽകുന്നത്. വിദ്യാർത്ഥികൾ ഫീസ് ഒടുക്കിയ അപേക്ഷയോടൊപ്പം ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ഡിഗ്രി/പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, ഒന്നു മുതൽ ആറു വരെയുള്ള സെമസ്റ്റർ മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പു കൂടി സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാഫലം

2019 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ ജേർണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ ആന്റ് വീഡിയോ പ്രൊഡക്ഷൻ, ബി.എ മലയാളം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (2018 അഡ്മിഷൻ – റെഗുലർ, 2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2014 – 2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്, 2014–2016 അഡ്മിഷൻ സപ്ലിമെന്ററി) എന്നീ കോഴ്സുകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി 2020 ജൂൺ 10. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം
29.05.2020

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**